**പതിനാലാം കേരള നിയമസഭ**

**പത്തൊൻപതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത** **11.03.2020 ൽ മറുപടിക്ക്**

**ചോദ്യം നമ്പർ : 2119**

## ആമ്പല്ലൂർ ഇലക്ട്രോണിക് ഹാർഡ്‌വെയർ പാർക്ക്

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.അനൂപ് ജേക്കബ്:** | | **ശ്രീ.ഇ.പി.ജയരാജൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| **(എ)** | എറണാകുളം ജില്ലയിലെ നിർദ്ദിഷ്ട ആമ്പല്ലൂർ ഇലക്ട്രോണിക് ഹാർഡ്‌വെയർ പാർക്കിന്റെ നിർമ്മാണ പ്രവൃത്തികൾ ഏതുഘട്ടത്തിലാണെന്ന് അറിയിക്കുമോ; | **(എ) (ബി) (സി) & (ഡി)** | എറണാകുളം ജില്ലയിലെ ആമ്പല്ലൂർ ഇലക്ട്രോണിക് ഹാർഡ് വെയർ പാർക്കിനായി ഇതുവരെ 11.87 ഏക്കർ സ്ഥലം കെ.എസ്.ഐ.ഡി.സി യുടെ പേരിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പാർക്കിനായി കണ്ടെത്തിയിട്ടുള്ള സ്ഥലം പ്രസ്തുത പദ്ധതിക്ക് അനുയോജ്യമാണോയെന്നു ഒരു എക്സ്പെർട്ട് കമ്മിറ്റിയെ നിയോഗിച്ച് പഠനം നടത്തുവാൻ തീരുമാനിക്കുകയുണ്ടായി. ആയതിൻ പ്രകാരം ബന്ധപ്പെട്ട വിവധ വകുപ്പുകളിൽ നിന്നും അംഗങ്ങളെ ഉൾപ്പെടുത്തി എക്സ്പെർട്ട് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. മേൽ കമ്മിറ്റിയുടെ തീരുമാനത്തിന് അനുസൃതമായി തുടർ സ്ഥലമേറ്റെടുപ്പ് നടപടി പൂർത്തിയാക്കുന്ന മുറയ്ക്ക് പാർക്ക് പ്രവർത്തനക്ഷമമാക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| **(ബി)** | ഈ പാർക്കിന്റെ നിർമാണത്തിനായി നാളിതുവരെ കെ.എസ്.ഐ.ഡി.സി. നിർവഹിച്ച കാര്യങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ | | |
| **(സി)** | പാർക്കിനായുള്ള സ്ഥലമെടുപ്പ് ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | | |
| **(ഡി)** | സ്ഥലമെടുപ്പ് വേഗത്തിലാക്കാൻ എന്തൊക്കെ നടപടികളാണ് സർക്കാർ കൈക്കൊണ്ടിട്ടുള്ളത് എന്ന് വിശദമാക്കാമോ? | | |

**സെക്ഷൻ ഓഫീസർ**